# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ. 23/2026 തിരുവനന്തപുരം, തീയതി: 31/01/2026

## പത്രക്കുറിപ്പ്

### പ്രൈവറ്റ് രജിസ്ട്രേഷൻ - അപേക്ഷ തീയതി ദീർഘിപ്പിച്ചു

2025-26 അക്കാദമിക വർഷത്തിലെ ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബിബിഎ/ബികോം അഡീഷണൽ ഇലക്ടീവ് കോ – ഓപ്പറേഷൻ /ട്രാവൽ ആന്റ് ടൂറിസം എന്നീ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 16 വരെ നീട്ടിയിരിക്കുന്നു. ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബികോം അഡീഷണൽ ഇലക്ടീവ് കോഴ്സുകൾക്ക് നിശ്ചിത ഫീസിനോടൊപ്പം 2625/- രൂപ പിഴയോടുകൂടിയും ബിബിഎ കോഴ്സിന് നിശ്ചിത ഫീസിനോടൊപ്പം 3150/- രൂപ പിഴയോടുകൂടിയും അപേക്ഷിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരള സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ, ഫുഡ് ആന്റ് ന്യൂട്രീഷ്യൻ, ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ഫെബ്രുവരി 08 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എംസിഎ ഡിഗ്രി (റെഗുലർ - 2024 അഡ്മിഷൻ - 2024 സ്കീം) (സപ്ലിമെന്ററി – 2022 & 2023 അഡ്മിഷൻ - 2020 സ്കീം), ഫെബ്രുവരി 2026 പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബിപിഎ മ്യൂസിക് മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ഫെബ്രുവരി 09 മുതൽ 13 വരെ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിഎസ്സി ഇലക്ട്രോണിക്സ് (340) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ മേഴ്സിചാൻസ് – 2019 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ഫെബ്രുവരി 09 മുതൽ 13 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎ മ്യൂസിക് (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021

& 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2019 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽഎൽബി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2026 ഫെബ്രുവരി 03 മുതൽ 07 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. X വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

## യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ് 2025-26 അപേക്ഷ ക്ഷണിക്കുന്നു

**2025-26** അധ്യയന വർഷത്തെ യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, അഫിലിയേറ്റഡ് കോളേജുകൾ, യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടം എന്നിവിടങ്ങളിൽ **2025-26** അധ്യയന വർഷം വിവിധ കോഴ്സുകൾക്ക് **(B.Ed./L.L.B/ M.A/M.Sc./M.Com./M.C.J/M.S.W/M.B.A/L.L.M/M.Ed/M.LI.Sc/M.A-Russian/M.A German/ M.Tech/ M.V.A Painting and M.V.A Art History)** പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി മുഖേന അപേക്ഷിക്കാവുന്നതാണ്. ഓട്ടോണോമസ് കോളേജുകളുടെ അപേക്ഷ സ്വീകരിക്കുന്നതല്ല. നിശ്ചിത ഫോമിലുള്ള പൂരിപ്പിച്ച അപേക്ഷയും യോഗ്യത പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി 2026 മാർച്ച് 20. അപേക്ഷാഫോം, യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ് സംബന്ധിച്ച നിയമാവലി തുടങ്ങിയ വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**